# എനർജി മാനേജ്മെന്റ് സെന്റർ
(ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡസിഗ്നേറ്റഡ് ഏജൻസി)
ഊർജ്ജ വകുപ്പ്, കേരള സർക്കാർ
ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം, പിൻ 695017
ഫോൺ: 0471 2594922, 2594924 ഫാക്സ്: 0471 2594923
ഇ. മെയിൽ : emck@keralaenergy.gov.in
വെബ്സൈറ്റ് : www.keralaenergy.gov.in


## ക്വട്ടേഷൻ നോട്ടീസ്

നമ്പർ:EMC/279/2017-PRO/Secy(Dir) 07.08.2017

കേരള സർക്കാരിന്റെ 2017 ലെ ഓണാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് വച്ച് സെപ്റ്റംബർ 9 ആം തീയതി നടക്കുന്ന ഘോഷയാത്രയിൽ പങ്കെടുക്കുന്നതിലേക്ക് എനർജി മാനേജ്മെന്റ് സെന്ററിനുവേണ്ടി 'ഊർജ്ജസംരക്ഷണത്തിലൂടെ പ്രകൃതി സംരക്ഷണം' എന്ന വിഷയം പ്രതിഫലിപ്പിക്കുന്ന ഒരു ഫ്ലോട്ട് അണിയിച്ചൊരുക്കുന്നതിലേക്കായി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർ ഫ്ളോട്ട് തയ്യാറാക്കുന്നതിന്, തന്നിരിക്കുന്ന ആശയം വ്യക്തമാക്കുന്ന ഡിസൈനും ഡിസൈനിനനുസരിച്ച് ഫ്ലോട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകളുടെ വിവരങ്ങളും സമർപ്പിക്കേണ്ടതാണ്.

പ്രധാന ആശയം 18 അടി ഉയരവും 10 അടി വീതിയും 18 അടി നീളവും ലഭിക്കത്തക്കവിധത്തിലുള്ള വാഹനത്തിലാണ് സജ്ജമാക്കേണ്ടത്. ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് നടത്തുന്ന ഘോഷയാത്രയായതിനാൽ ഫ്ളോട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന വസ്തുക്കൾ അതിനനുസരിച്ചുള്ളവയായിരിക്കണം എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഫ്ളോട്ട് തയ്യാറാക്കുന്നതിനുള്ള ഡിസൈൻ A3 ചാർട്ട് പേപ്പറുകളിലോ മോഡലുകളായോ സമർപ്പിക്കാവുന്നതാണ്. മോഡലുകൾ തയ്യാറാക്കുന്നതിനുള്ള ചെലവ് ക്വട്ടേഷൻ സമർപ്പിക്കുന്നവർ വഹിക്കേണ്ടതാണ്. ക്വട്ടേഷനുകളോടൊപ്പം സമർപ്പിക്കുന്ന ഡിസൈനുകളിൽ എനർജി മാനേജ്മെന്റ് സെന്ററിന് പൂർണ്ണ അവകാശം ഉണ്ടായിരിക്കുന്നതാണ്.

ഫ്ളോട്ട് തയ്യാറാക്കുന്നതിനുള്ള ഡിസൈൻ, അത് ഫ്ളോട്ടായി അവതരിപ്പിക്കുന്നതിനുള്ള സാധനങ്ങളുടെ വിവരങ്ങളും വിലവിവരം അടക്കം വിശദമാക്കുന്ന ക്വട്ടേഷനുകൾ വെവ്വേറെ കവറുകളിൽ ഓഗസ്റ്റ് 14 തീയ്യതിക്കകം എനർജി മാനേജ്മെന്റ് സെന്ററിൽ സമർപ്പിക്കേണ്ടതാണ്. 3 ലക്ഷം രൂപയാണ് അടങ്കൽ തുക.

ഫ്ളോട്ടുകളുടെ വൈദ്യുതാലങ്കാരങ്ങൾ പ്രകാശിപ്പിക്കാനാവശ്യമായ ജനറേറ്റർ സംവിധാനം ഒരുക്കേണ്ടതും (ഇന്ധനം ഉൾപ്പെടെ) അവയുടെ സുരക്ഷിതമായ പ്രവർത്തനം ഉറപ്പാക്കേണ്ടതും പ്രസ്തുത വ്യക്തി/സ്ഥാപനത്തിന്റെ ചുമതലയാണ്.

ഇതെല്ലാം ഒരുക്കേണ്ട വാഹനം/ വാഹനങ്ങൾ വാടകയ്ക്ക് എടുക്കേണ്ടതും, ഇതുമായി ബന്ധപ്പെട്ട മറ്റെല്ലാ ഒരുക്കങ്ങളും നിർവ്വഹിക്കേണ്ടതും ക്വട്ടേഷൻ ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനത്തിന്റെ ചുമതലയായിരിക്കും.

കൂടാതെ ഫ്ലോട്ടിന്റെ രണ്ടു വശങ്ങളിലും (മുഴനീളത്തിൽ), പിറകിലും (പ്ലാറ്റ്ഫോമിനു താഴെ) കുറഞ്ഞത് 3 അടി ഉയരമുള്ള ബോർഡ് സ്ഥാപിക്കേണ്ടതും അതിന്റെ താഴെ തുണി ഉപയോഗിച്ച് അലങ്കരിക്കേണ്ടതുമാണ്. ബോർഡിൽ എഴുതേണ്ട/പതിക്കേണ്ട വിഷയം എനർജി മാനേജ്മെന്റ് സെന്ററിൽ നിന്നും ലഭ്യമാക്കുന്നതാണ്.

ഫ്ലോട്ടിൽ സൗണ്ട് സിസ്റ്റം പ്രവർത്തന സജ്ജമാക്കേണ്ടതാണ്. എനർജി മാനേജ്മെന്റ് സെന്ററിൽ നിന്നും തരുന്ന വിഷയം റെക്കോഡ് ചെയ്ത് ഘോഷയാത്ര തുടങ്ങുന്നതു മുതൽ കഴിയുന്നതുവരെ കേൾപ്പിക്കേണ്ടതുമാണ്.

ഏറ്റവും നല്ല ഡിസൈനും ഇതിനായി ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന വ്യക്തി/സ്ഥാപനത്തെയായിരിക്കും ജോലി ഏൽപ്പിക്കുക. ദർഘാസുകൾ നൽകുന്ന വ്യക്തികൾ/ഏജൻസികൾ ഡിസൈനും, ക്വട്ടേഷൻ തുകയും പ്രത്യേകം കവറുകളിൽ നൽകണം.

ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 7500/- രൂപയുടെ നിരതദ്രവ്യം ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി ഡി ആയി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം വ്യക്തി/സ്ഥാപനത്തിന്റെ പാൻ കാർഡിന്റെ കോപ്പി കൂടി സമർപ്പിക്കേണ്ടതാണ്. രേഖപ്പെടുത്തിയ തുകയുടെ 25% ഫ്ലോട്ട് പൂർത്തിയാകുന്ന മുറയ്ക്കും, ബാക്കി ഘോഷയാത്ര പൂർത്തിയായി ഒരാഴ്ചയ്ക്കുള്ളിലും നിമനാനുസൃതമായ നികുതികൾ കഴിച്ച് നൽകുന്നതാണ്. ഘോഷയാത്രയിൽ ഫ്ലോട്ടിനു ക്വട്ടേഷൻ ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനത്തിന്റെ വീഴ്ച കാരണം, നല്ല രീതിയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, അതിനനുസൃതമായി ക്വാട്ട് ചെയ്ത തുകയിൽ കുറവു വരുത്തുന്നതാണ്. ഈ വിഷയങ്ങളിലൊക്കെ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 14 ഉച്ചയ്ക്ക് 12.00 മണി വരെ.

ഡയറക്ടർ